

## മത്സ്യം ചോദ്യം ഉത്തരം

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ,
കൊച്ചി. ഇ മെയിൽ: kvkernakulam@yahoo.co.in

മത്സ്യക്കൃഷിയിലെ സംശയങ്ങൾ അയയ്ക്കേണ്ട വിലാസം:
പത്രാധിപർ,
കർഷകശ്രീ,
മലയാള മനോരമ,
കോട്ടയം 1.
ഇ മെയിൽ: karsha@mm.co.in

# വളർച്ച നിരക്കേറിയ ജയന്തി രോഹു

*? എന്താണ് ജയന്തി രോഹു. എന്തൊക്കെയാണ് ഇതിന്റെ സവിശേഷതകൾ. കുഞ്ഞുങ്ങളെ എവിടെ കിട്ടും. എങ്ങനെയാണ് ഇവയെ വളർത്തേണ്ടത്.*

**സോജൻ ജോസ്, കോതമംഗലം**

● ഒഡീഷയിലെകേന്ദ്രശുദ്ധജലമത്സ്യ ഗവേഷണസ്ഥാപനം(സിഫ) നോർവേയുമായി സഹകരിച്ച് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വികസിപ്പിച്ചെടുത്തതും വളർച്ചനിരക്ക് കൂടിയ കാർപ്പ് ഗണത്തിൽപ്പെടുന്നതുമായ രോഹുമത്സ്യമാണ് ജയന്തി രോഹു. സാധാരണ രോഹു മത്സ്യങ്ങളെ അപേക്ഷിച്ച് 17ശതമാനം അധിക വളർച്ച നിരക്കാണ് ഈയിനത്തിനുള്ളത്. ജയന്തി രോഹു 15 മാസം കൊണ്ട് ശരാശരി 1.5 കിലോവരെ തൂക്കം വയ്ക്കുന്നു. ജയന്തി രോഹുവിന്റെ പ്രജനനം ആരംഭിക്കുന്നത് ജൂൺ മാസത്തോടുകൂടിയാണ്. അതിനാൽ കൃഷിക്കായി കുഞ്ഞുങ്ങളെ ജൂലൈ മുതൽ ലഭിക്കും. ജയന്തി രോഹു മത്സ്യങ്ങളുടെ പ്രജനനവും കുഞ്ഞുങ്ങളുടെ വിപണനവും ഒഡീഷയിലെ കേന്ദ്ര ശുദ്ധജല മത്സ്യ ഗവേഷണസ്ഥാപനം നേരിട്ടും ഭുവനേശ്വറിലെ നാഷനൽ ഫ്രഷ് വാട്ടർ ഫിഷ് ബ്രൂഡ് ബാങ്ക് വഴിയുമാണ് നടത്തുന്നത്. ഇവിടെനിന്നു കൊണ്ടുവരുന്ന കുഞ്ഞുങ്ങളെ വിരൽ വലുപ്പമാക്കി എറണാകുളം കെവികെ വിതരണം ചെയ്യുന്നുണ്ട്. കെവികെയുടെ 8281757450 എന്ന ഫോൺ നമ്പരിൽ ഇപ്പോൾ ബന്ധപ്പെട്ടാൽ കുഞ്ഞുങ്ങളെ ബുക്ക് ചെയ്തു വാങ്ങാം.



പ്രകൃതിദത്ത ശുദ്ധജല കുളങ്ങളാണ് ഇവയെ വളർത്താൻ യോജ്യം. കൃത്രിമക്കുളങ്ങളിൽ ഇവയുടെ വളർച്ച വളരെ കുറവായിരിക്കും. വിളവെടുക്കുന്നതിന് കുറഞ്ഞത് 15 മാസം വേണമെന്നതിനാൽ വർഷം മുഴുവൻ കൃഷി ചെയ്യാൻ കഴിയുന്ന കുളങ്ങളാണ് ജയന്തി രോഹു വളർത്താൻ തിരഞ്ഞെടുക്കേണ്ടത്. വേനൽക്കാലത്തു കുളത്തിൽ കുറഞ്ഞത് 5 അടി വെള്ളം ഉറപ്പുവരുത്തുകയും ചെയ്യണം. ഒരു സെന്റ് കുളത്തിൽ 80 കുഞ്ഞുങ്ങളെവരെ നിക്ഷേപിക്കാം. കട്‌ല, രോഹു, ഗ്രാസ് കാർപ്പ് എന്നിവ കൂടിചേർന്നുള്ള കൃഷിയാണെങ്കിൽ ഒരു സെന്റിൽ 20 കോമൺ കാർപ്, 20 കട്‌ല, 20 ഗ്രാസ് കാർപ്പ്, 20 ജയന്തി രോഹു എന്ന തോതിലാണ് നിക്ഷേപിക്കേണ്ടത്. ഇവയ്ക്കു ദിവസത്തിൽ രണ്ടു നേരമായി തീറ്റ നൽകണം. തുടക്കത്തിൽ 0. 8 മി.മീ. വലുപ്പമുള്ള തീറ്റയും ഒരു മാസത്തിനു ശേഷം 1. 2 മി. മീ. വലുപ്പമുള്ള തീറ്റയും നൽകുക. തുടർന്ന് മത്സ്യം വളരുന്നതിന് ആനുപാതികമായി വലുപ്പം കൂടിയ തിരിത്തീറ്റ നൽകാം.